**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** | **11-09-2023 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി കേസിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് മുട്ടിൽ മരം മുറിച്ച് മാറ്റിയ സംഭവത്തിൽ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അനാസ്ഥ കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വകുപ്പ് അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല . വൈത്തിരി താലൂക്കിലെ മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി മരം മുറിക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് ജില്ലയിൽ മുഴുവൻ പരിശോധന നടത്തുകയും അനധികൃത മരം മുറി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വൈത്തിരി താലൂക്കിൽ 61 (മുട്ടിൽ സൗത്ത് - 57, കണിയാമ്പാറ്റ – 1, തൃക്കൈപ്പറ്റ – 2, അച്ചുരാനം - 1) കൈവശക്കാരുടെ പേരിലും സുൽത്താൻബത്തേരി താലൂക്കിൽ 14 പേരുടേയും (നൂൽപ്പുഴ – 1, ചീരാൽ - 1, അമ്പലവയൽ - 1, പുല്പള്ളി -1, കൃഷ്ണഗിരി - 6, നെന്മേനി - 4) ഉൾപ്പെടെ 75 കൈവശക്കാരുടെ പേർക്കെതിരെ കെ.എൽ.സി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>അനധികൃതമായി മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി നൽകുകയും അത് പ്രകാരം പോലീസ് വിവിധ സ്റ്റേഷനുകളിലായി 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. (മേപ്പാടി പോലീസ് സ്റ്റേഷൻ - 2, മീനങ്ങാടി പോലീസ് സ്റ്റേഷൻ - 5, സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ - 1, അമ്പലവയൽ പോലീസ് സ്റ്റേഷൻ - 1). മൂന്ന് കേസിൽ പോലീസ് കുറ്റപത്രം സമർപ്പിക്കുകയും ബാക്കി കേസുകളിൽ അന്വേഷണം നടന്ന് വരികയുമാണ്. മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പ് 55 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്.<br><br>സർക്കാരിലേക്ക് നിർത്തിവെച്ച മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യക്തമായ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും കൃത്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള അനധികൃത പ്രവർത്തനങ്ങൾക്കെതിരെ റവന്യൂ വകുപ്പ് തികഞ്ഞ ജാഗ്രത പുലർത്തുന്നുണ്ട്. റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്നും യാതൊരു തരത്തിലുള്ള അനാസ്ഥയും ഉണ്ടായതായി കണ്ടെത്തിയിട്ടില്ലാത്തതാണ്. |
| (ബി) | മരം മുറിയിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വയനാട് ജില്ലയിൽ ഉണ്ടായ അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം കണ്ടെത്തുന്നതിന്റെ ഭാഗമായി മരങ്ങളുടെ വിലനിർണ്ണയം നടത്തുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതും തുടർന്ന് സുൽത്താൻ ബത്തേരി താലൂക്കിലെ 4 കേസുകളിലും വൈത്തിരി താലൂക്കിലെ 38 കേസുകളിലേയും മരങ്ങളുടെ വാല്വേഷൻ സംബന്ധിച്ച വിവരങ്ങൾ വനം വകുപ്പിൽ നിന്നും ലഭ്യമാക്കുകയും എന്നാൽ വൈത്തിരി താലൂക്കിൽ ലഭ്യമായ 38 കേസുകളിൽ 1 കേസിൽ സ്ഥലമുടമയുടെ പേര് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും 1 കേസിൽ മൂന്ന് കക്ഷികളുടെ പേരിലുള്ള മരങ്ങളുടെ വിവരങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തിയതിനാൽ അവ കക്ഷികളുടെ പേര് തിരിച്ച് അവരുടെ കൈവശത്തിൽ നിന്നും മുറിച്ച മരങ്ങളുടെ വിവരങ്ങൾ പ്രത്യേകം നൽകണമെന്ന് കാണിച്ച് മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.<br><br>വനം വകുപ്പ് കസ്റ്റഡിയിൽ എടുത്ത 54 മരകഷ്ണങ്ങളുടെ ഉറവിടം ഇനിയും കണ്ടെത്താൻ സാധിക്കാത്തതിനാൽ ഭൂവുടമയുടെ വിവരങ്ങൾ ലഭ്യമല്ലെന്നും 11 കേസുകളിൽ മരങ്ങളുടെ തൊലി ചെത്തിയിട്ടില്ലാത്തതിനാലും പ്രത്യേകം ലോട്ട് തിരിയ്ക്കാത്തതിനാലും വില നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ലെന്നും ലോട്ടുകൾ തിരിയ്ക്കുന്നതിനും ചെത്തി ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നതായും ആയതിന് ശേഷം വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കാമെന്നും മേപ്പാടി റേഞ്ച് ഓഫീസർ അറിയിച്ചിട്ടുണ്ട്.<br><br>വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമായ കേസുകളിൽ അപാകത ഉള്ള രണ്ട് കേസുകൾ ഒഴിവാക്കിയാൽ ബാക്കിയുള്ള 40 കേസുകളിൽ സുൽത്താൻ ബത്തേരി താലൂക്കിൽ രൂപ 13,23,970/- വൈത്തിരി താലൂക്കിൽ രൂപ 2,49,06,693/- ഉൾപ്പെടെ രൂപ 2,62,30,663/- (രണ്ട് കോടി അറുപത്തിരണ്ട് ലക്ഷത്തി |

| | | | |
|---|---|---|---|
| | | | മുപ്പതിനായിരത്തി അറുന്നൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ കണക്കാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ലഭ്യമാകാനുള്ള വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയക്ക് മാത്രമേ അന്തിമ കണക്ക് വ്യക്തമാകുകയുള്ളൂ. |
| (സി) | ഈ നഷ്ടം ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പതിവ് ഭൂമിയിൽ നിന്നും അനധികൃതമായി മുറിച്ചുമായി ബന്ധപ്പെട്ട് 1957-ലെ കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 10 പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. നിലവിൽ അനധികൃതമായി മരം മുറിച്ചുമായി ബന്ധപ്പെട്ട് സ്ഥല ഉടമകളെ കൂടാതെ നിയമ ലംഘന പ്രവൃത്തിയിൽ ഉൾപ്പെട്ടവരെന്ന് കണ്ടെത്തിയവരെയും ഉൾപ്പെടുത്തി പോലീസ് എടുത്തിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കി ഇവരെക്കൂടി ഉൾപ്പെടുത്തി കെഎൽ സി ആക്ട് പ്രകാരമുള്ള നടപടി സ്വീകരിച്ച് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

വൈത്തിരി താലൂക്കിലെ മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി മരം മുറിക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് ജില്ലയിൽ മുഴുവൻ പരിശോധന നടത്തുകയും അനധികൃത മരം മുറി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വൈത്തിരി താലൂക്കിൽ 61 (മുട്ടിൽ സൗത്ത് - 57, കണിയാമ്പറ്റ - 1, തൃക്കൈപ്പറ്റ - 2, അച്ചൂരാനം - 1) കൈവശക്കാരുടെ പേരിലും സുൽത്താൻബത്തേരി താലൂക്കിൽ 14 പേരുടേയും (നൂൽപ്പുഴ - 1, ചീരാൽ - 1, അമ്പലവയൽ - 1, പുല്പള്ളി -1, കൃഷ്ണഗിരി - 6, നെന്മേനി - 4) ഉൾപ്പെടെ 75 കൈവശക്കാരുടെ പേർക്കെതിരെ കെ.എൽ.സി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

അനധികൃതമായി മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി നൽകുകയും അത് പ്രകാരം പോലീസ് വിവിധ സ്റ്റേഷനുകളിലായി 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. (മേപ്പാടി പോലീസ് സ്റ്റേഷൻ - 2, മീനങ്ങാടി പോലീസ് സ്റ്റേഷൻ - 5, സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ - 1, അമ്പലവയൽ പോലീസ് സ്റ്റേഷൻ - 1). മൂന്ന് കേസിൽ പോലീസ് കുറ്റപത്രം സമർപ്പിക്കുകയും ബാക്കി കേസുകളിൽ അന്വേഷണം നടന്ന് വരികയുമാണ്. മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പ് 55 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്.

സർക്കാരിലേക്ക് നിർത്തിവെച്ച മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും കൃത്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള അനധികൃത പ്രവർത്തനങ്ങൾക്കെതിരെ റവന്യൂ വകുപ്പ് തികഞ്ഞ ജാഗ്രത പുലർത്തുന്നുണ്ട്. റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്നും യാതൊരു തരത്തിലുള്ള അനാസ്ഥയും ഉണ്ടായതായി കണ്ടെത്തിയിട്ടില്ലാത്തതാണ്.

വയനാട് ജില്ലയിൽ ഉണ്ടായ അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം കണ്ടെത്തുന്നതിന്റെ ഭാഗമായി മരങ്ങളുടെ വിലനിർണ്ണയം നടത്തുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതും തുടർന്ന് സുൽത്താൻ ബത്തേരി താലൂക്കിലെ 4 കേസുകളിലും വൈത്തിരി താലൂക്കിലെ 38 കേസുകളിലേയും മരങ്ങളുടെ വാല്വേഷൻ സംബന്ധിച്ച വിവരങ്ങൾ വനം വകുപ്പിൽ നിന്നും ലഭ്യമാക്കുകയും എന്നാൽ വൈത്തിരി താലൂക്കിൽ ലഭ്യമായ 38 കേസുകളിൽ 1 കേസിൽ സ്ഥലമുടമയുടെ പേര് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും 1 കേസിൽ മൂന്ന് കക്ഷികളുടെ പേരിലുള്ള മരങ്ങളുടെ വിവരങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തിയതിനാൽ അവ കക്ഷികളുടെ പേര് തിരിച്ച് അവരുടെ കൈവശത്തിൽ നിന്നും മുറിച്ച മരങ്ങളുടെ വിവരങ്ങൾ പ്രത്യേകം നൽകണമെന്ന് കാണിച്ച് മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

വനം വകുപ്പ് കസ്റ്റഡിയിൽ എടുത്ത 54 മരകഷ്ണങ്ങളുടെ ഉറവിടം ഇനിയും കണ്ടെത്താൻ സാധിക്കാത്തതിനാൽ ഭൂവുടമയുടെ വിവരങ്ങൾ ലഭ്യമല്ലെന്നും 11 കേസുകളിൽ മരങ്ങളുടെ തൊലി ചെത്തിയിട്ടില്ലാത്തതിനാലും പ്രത്യേകം ലോട്ട് തിരിയ്ക്കാത്തതിനാലും വില നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ലെന്നും ലോട്ടുകൾ
തിരിയ്ക്കുന്നതിനും ചെത്തി ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നതായും ആയതിന് ശേഷം വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കാമെന്നും മേപ്പാടി റേഞ്ച് ഓഫീസർ അറിയിച്ചിട്ടുണ്ട്.

വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമായ കേസുകളിൽ അപാകത ഉള്ള രണ്ട് കേസുകൾ ഒഴിവാക്കിയാൽ ബാക്കിയുള്ള 40 കേസുകളിൽ സുൽത്താൻ ബത്തേരി താലൂക്കിൽ രൂപ 13,23,970/- വൈത്തിരി താലൂക്കിൽ രൂപ 2,49,06,693/- ഉൾപ്പെടെ രൂപ 2,62,30,663/- (രണ്ട് കോടി അറുപത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അറുന്നൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ കണക്കാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ലഭ്യമാകാനുള്ള വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയക്ക് മാത്രമേ അന്തിമ കണക്ക് വ്യക്തമാകുകയുള്ളൂ.

പതിവ് ഭൂമിയിൽ നിന്നും അനധികൃതമായി മുറിച്ചതുമായി ബന്ധപ്പെട്ട് 1957-ലെ കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 10 പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. നിലവിൽ അനധികൃതമായി മരം മുറിച്ചതുമായി ബന്ധപ്പെട്ട് സ്ഥല ഉടമകളെ കൂടാതെ നിയമ ലംഘന പ്രവൃത്തിയിൽ ഉൾപ്പെട്ടവരെന്ന് കണ്ടെത്തിയവരെയും ഉൾപ്പെടുത്തി പോലീസ് എടുത്തിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കി ഇവരെക്കൂടി ഉൾപ്പെടുത്തി കെഎൽ സി ആക്ട് പ്രകാരമുള്ള നടപടി സ്വീകരിച്ച് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്